(ബി) ഈ റോഡിന്റെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പണിയുടെ കരാറുകാരൻ മരണപ്പെട്ടതുകൊണ്ട് ഇപ്പോൾ പണി മുടങ്ങിയിരിക്കുകയാണ്. ഈ റോഡ് വില്ലേജ് റോഡായതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുകയും വക കൊള്ളിച്ചിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ പണി പൂർത്തീകരിക്കുവാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

76 (499) പി.ഡബ്ല്യു.ഡി.റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ ശോചനീയാവസ്ഥ കാരണം ജനങ്ങളുടെ നിരന്തരമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറിടത്തെ റോഡുകൾ അറ്റകുറ്റപ്പണികളും. ടാറിംഗും നടത്തുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

77 (500) റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ആനക്കല്ല്, പാലയ്ക്കൽ, കുണ്ടോളിക്കടവ്, പെരിങ്ങോട്ടുകര, റോഡ്, സ്റ്റേറ്റ് ഹൈവേയായി ഉയർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ റോഡിൽ ഇപ്പോൾ നടന്നു വരുന്ന അറ്റകുറ്റപണികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) തകർന്നു കിടക്കുന്ന ഈ റോഡ് വീതികൂട്ടി പുതുക്കി പണിയുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്റ്റേറ്റ് ഹൈവേയായി ഉയർത്തിയിട്ടില്ല. സ്റ്റേറ്റ് ഹൈവേകളാക്കി ഉയർത്താനുള്ള പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതാണ്.

(ബി)&(സി) പാലക്കൽ മുതൽ 3.75 കി.മീ റോഡ് വീതി കൂട്ടി 4.5 മീറ്റർ വീതിയിൽ ആക്കുന്നതിനുള്ള പണികൾ നടന്നു വരുന്നു. കൂടാതെ 7 കലുങ്കുകളുടെ വീതി കൂട്ടുന്ന പണികളും, റോഡിന്റെ വശങ്ങളിൽ ഓട നിർമ്മിക്കുകയും ചെയ്തു വരുന്നു. ബാക്കിയുള്ള ഭാഗത്തെ അറ്റുകുറ്റപ്പണികളും ഏറ്റെടുത്തിട്ടുണ്ട്.

(ഡി) വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടി വരും. ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയശേഷം വീതി കൂട്ടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

78 (502) പയ്യാവൂർ-കുന്നത്തൂർ-കാണി-കൊല്ലി റോഡ്

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചില സുപ്രധാന റോഡുകൾ (എം.ഡി.ആർ) പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പയ്യാവൂർ-കുന്നത്തൂർ-കാണി-കൊല്ലി റോഡ് പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചില സുപ്രധാന റോഡുകൾ പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ബി) 15.10.99-ലെ ജി.ഒ(ആർറ്റി)നം,953/99/പൊ.മ.വ. പ്രകാരം ഈ റോഡ് പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു†

79 (505) മുണ്ടക്കയം-എരുമേലി റോഡ് പൂർത്തിയാക്കൽ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം-എരുമേലി റോഡിന്റെ രണ്ടും മൂന്നും ഘട്ടം പൂർത്തിയാക്കാൻ വേണ്ടി ഇതേവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിനു വേണ്ടി സപ്ലിമെന്ററി ഗ്രാന്റിൽ തുക അനുവദിക്കുന്ന നടപടി എത്രത്തോളമായി എന്ന് വിശദീകരിക്കാമോ;

† അനുബന്ധം-12

LIBRARY ARCHIVES Kerala Legislative Assembly